8. ഡ്രൈവർമാരുടെ അശ്രദ്ധയ്ക്ക് കാരണമാകുന്ന രീതിയിലുള്ള ഹോർഡിംഗ്കളും മറ്റു വസ്തുക്കളും നീക്കം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

9. റോഡ് സുരക്ഷാ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിലേക്ക് മോട്ടോർ വാഹന വകുപ്പും പോലീസ് വകുപ്പും ഈടാക്കുന്ന കോമ്പൗണ്ടിംഗ് ഫീയുടെ 50 ശതമാനം തുകയാണ് വകയിരുത്തി വരുന്നത്. അതോടൊപ്പം ബഡ്ജറ്റ് വിഹിതവും നൽകി വരുന്നുണ്ട്.

10. റോഡ് സുരക്ഷയുടെ ഭാഗമായി കേന്ദ്രസർക്കാർ സഹായത്തോടെ ഒരു ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ട്.

11. കേരള റോഡ് സുരക്ഷയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി MORTH മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

12. നടപ്പാതകളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനുള്ള സത്വര നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണം

13 (*163) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നതെന്ന് അറിയിക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്.

496/18

LIBRARY ARCHIVES Kerala Legislative Assembly

(ബി) എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മേജർ കേസുകളുടെ അന്വേഷണം നടത്തുന്നതിന് എക്സൈസ് ക്രൈം ബ്രാഞ്ച് വിംഗ് ആരംഭിക്കുക, വാഹനങ്ങളും മറ്റ് സൗകര്യങ്ങളും നൽകുക, ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുക, എക്സൈസ് ഓഫീസുകളിലെയും എക്സൈസ് ചെക്ക്പോസ്റ്റുകളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എക്സൈസ് അക്കാഡമിയുടെ നവീകരണം, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും വേഗത്തിലുമാക്കുന്നതിന് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുക, ലൈസൻസ്ഡ് സ്ഥാപനങ്ങളിൽ ശുദ്ധമായ കള്ള്/മദ്യം മാത്രമേ വിൽക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തുക, സ്റ്റേറ്റ് എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്ററിനെ ദേശീയനിലവാരത്തിലുള്ള ഒരു ട്രെയിനിങ്ങ് സ്ഥാപനമായി മാറ്റുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഐ.ടി. മിഷൻ, നാഷണൽ ഇൻഫോമാറ്റിക് സെന്റർ, ഐ.ടി. വകുപ്പ്, ചീഫ് കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി, നിർമ്മിതി കേന്ദ്രം, പി.ഡബ്ല്യു.ഡി., സീബാ ലാബ്സ് എറണാകുളം, സിഗ സൊല്യൂഷൻസ്, തിരുവനന്തപുരം, കെൽട്രോൺ.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്ലാൻ ഫണ്ട് അനുവദിച്ച ടി പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് താഴെ പറയുന്ന നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതാണ്.

1. <u>മൊബൈൽ അനലിറ്റിക്കൽ ലാബ്</u> :

ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ശുദ്ധമായ മദ്യം മാത്രമേ വിതരണം ചെയ്യുന്നുള്ളുവെന്ന് ഉറപ്പുവരുത്തുന്നതിനായി മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച്, പരിശോധനാ ഫലം ഉടനടി ലഭ്യമാക്കുന്നതിന് വേണ്ടി നിലവിൽ തെക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു മൊബൈൽ ടെസ്റ്റിംഗ് ലാബ് പ്രവർത്തിച്ചുവരുന്നു. മധ്യമേഖല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിന് ഒരു മൊബൈൽ ലാബ് പ്രവർത്തനസജ്ജമായിട്ടുണ്ട്. കൂടാതെ ഉത്തര മേഖലയിലെ ആവശ്യത്തിനായുള്ള ലാബിനുവേണ്ടി വാങ്ങിയ ബസിൽ മൊബൈൽ ലാബ് സജ്ജീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. <u>ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കൽ</u> :

എക്സൈസ് വകുപ്പിലെ ചെക്ക് പോസ്റ്റുകളുടെ നവീകരണത്തിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുവാൻ 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഒരു കോടി

LIBRARY ARCHIVES Kerala Legislative Assembly

ഇരുപത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഒരു കോടി ഇരുപത്തിരണ്ട് ലക്ഷം രൂപ ചെലവിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ സഹായത്തോടെ തെരഞ്ഞെടുത്ത 12 ചെക്ക്പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിന് 80 ലക്ഷം രൂപ അനുവദിച്ചിട്ടുള്ളതും തെരഞ്ഞെടുത്ത 7 ചെക്ക്പോസ്റ്റുകളിൽ നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. <u>എക്സൈസ് അക്കാഡമിയുടെ നവീകരണം</u> :

എക്സൈസ് അക്കാഡമിയുടെ നവീകരണത്തിനായി 2012-13 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപയും, 2013-14 സാമ്പത്തിക വർഷം 40 ലക്ഷം രൂപയും അനുവദിച്ചിരുന്നു. കൂടാതെ 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ 1 കോടി 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി 230 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി ുക ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>എക്സൈസ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി</u> :

2011-12 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിൽ 33 ജീപ്പുകളും, 2012-13 സാമ്പത്തിക വർഷത്തിൽ 70 മോട്ടോർ ബൈക്കുകളും വാങ്ങിയിട്ടുള്ളതാണ്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2013-14, 2014-15 സാമ്പത്തിക വർഷത്തിൽ 24 ലക്ഷം രൂപ വീതം ചെലവിൽ 48 മോട്ടോർ ബൈക്കുകൾ വീതം ആകെ 96 ബൈക്കുകൾ വാങ്ങിയിട്ടുള്ളതാണ്. കൂടാതെ ടി വർഷങ്ങളിൽ ഫോട്ടോകോപ്പിയർ, പ്രിന്റർ, ട്രോളി ലാഡറുകൾ, ഹെൽമെറ്റുകൾ, സ്കാനറുകൾ, വെയിംഗ് മെഷീനുകൾ, ആധുനിക കയ്യാമങ്ങൾ, ഫർണീച്ചർ എന്നിവ വാങ്ങി ഫീൽഡ് ഓഫീസുകളിൽ വിതരണം ചെയ്തിട്ടുള്ളതാണ്. 2014-15 സാമ്പത്തിക വർഷത്തിൽ 52,02,409 രൂപ ചെലവിൽ ഒൻപത് ജീപ്പുകളും 7,25,297 രൂപ ചെലവിൽ ഒരു Xylo കാറും വകുപ്പിന്റെ ആവശ്യത്തിനായി വാങ്ങിയിട്ടുണ്ട്. കൂടാതെ 757 ഹൈവിസിബിലിറ്റി റയിൻ കോട്ടുകൾ, 35 ഡിജിറ്റൽ ക്യാമറകൾ എന്നിവയും വാങ്ങിയിട്ടുള്ളതാണ്.

എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഫീൽഡ് യൂണിറ്റുകളിലെ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ഓഫീസർ എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥർക്ക് പ്രീപെയ്ഡ് മൊബൈൽ സിം കണക്ഷൻ വാങ്ങി

LIBRARY ARCHIVES Kerala Legislative Assembly

നൽകിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ വകുപ്പിലുണ്ടായിരുന്ന 110 എണ്ണം 0.32 പിസ്റ്റലുകൾക്ക് 26,000 എണ്ണം വെടിയുണ്ടകൾ പൂനെയിലെ അമ്യൂണിഷൻ ഫാക്ടറിയിൽ നിന്നും ആകെ 8,53,122 രൂപ അനുവദിച്ച് വാങ്ങുകയുണ്ടായി.

അബ്കാരി/എൻ.ഡി.പി.എസ്. കേസുകളുടെ സ്ഥിതി വിവര കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ രൂപീകരിച്ചു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ ഏകോപിപ്പിക്കുന്നതിനായി ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ തസ്തിക സൃഷ്ടിക്കുകയും ആയതിന് പ്രത്യേക വിഭാഗം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി ആദിവാസി മേഖലയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റേയും ഉപയോഗം നിയന്ത്രിക്കുന്നതിനായി ഒരു സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എരുമേലിയിൽ ഒരു എക്സൈസ് റേഞ്ച് ഓഫീസും അനുവദിച്ചിട്ടുണ്ട്.

<u>ഇ-ഗവേണൻസ് സംബന്ധിച്ച്</u> :

എക്സൈസ് വകുപ്പിലെ ഓഫീസുകൾക്ക് 33,47,040 രൂപ ചെലവിൽ 96 കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുള്ളതാണ്. എക്സൈസ് കമ്മീഷണറേറ്റിൽ ഇ-ഫയലിങ്ങ് സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ നടപടികൾ സ്വീകരിച്ചു വരുന്നു.

വാണിജ്യ നികുതി വകുപ്പിന്റെ K-VATIS സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഓൺലൈനായി നികുതി ഒടുക്കുന്നതിനായി എക്സൈസ് ഇ-പേയ്മെന്റ് സോഫ്റ്റ്വെയർ നിർമ്മിച്ചിട്ടുണ്ട്. ടി സോഫ്റ്റ്വെയർ വഴി 23 ഇനം ഫീസുകൾ ഓൺലൈനായി ഒടുക്കുന്നതിനുള്ള സംവിധാനം വകുപ്പിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

വകുപ്പിൽ നിന്ന് ഇലക്ട്രോണിക്സ് രൂപത്തിൽ നൽകാൻ കഴിയുന്ന 22 സർവ്വീസുകൾ കണ്ടെത്തിയിട്ടുണ്ട്. അവയിൽ എഫ്.എൽ. 3 ലൈസൻസ് പുതുക്കൽ, എഫ്.എൽ. 11 ലൈസൻസ് പുതുക്കൽ, എഫ്.എൽ 4 (A) ലൈസൻസ് പുതുക്കൽ എന്നീ മൂന്നിനം സർവ്വീസുകൾ നാഷണൽ ഇൻഫർമേഷൻ സെന്ററിന്റെ സർവ്വീസ് പ്ലസ് എന്ന സോഫ്റ്റ്വെയർ കസ്റ്റമൈസ് ചെയ്ത് ഇലക്ട്രോണിക്സ് രൂപത്തിൽ നൽകിവരുന്നു. ഇതുകൂടാതെ മറ്റു സർവ്വീസുകളും ഇപ്രകാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനും എക്സൈസ് ക്രൈം റിക്കാർഡ്സ് ബ്യൂറോ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly